**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5162** **26.03.2018-ൽ മറുപടിക്ക്**

**<u>ഫുട്പാത്തുകൾ</u>**

| **<u>ചോദ്യം</u>** | | **<u>മറുപടി</u>** |
|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പല റോഡുകൾക്കും ഫുട്പാത്ത് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ബി) ഫുട്പാത്തുകൾ നിർബന്ധമായും റോഡ് നിർമ്മാണത്തിന്റെ ഭാഗമാക്കാമോ; വിശദമാക്കുമോ? | (എ) യും (ബി) യും | ഉണ്ട്. കാൽനടയാത്രക്കാർക്കായി റോഡുകളിൽ സ്ഥല ലഭ്യത അനുസരിച്ച് കാൽനടയാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ ഫുട്പാത്തുകൾ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാൽനടയാത്രക്കാർ കൂടുതലില്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ ഇരുവശങ്ങളിലും ഷോൾഡറുകൾ ഉണ്ട്. റോഡുകളുടെ നവീകരണത്തോടൊപ്പം സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ നടപ്പാതകൾ കൂടി ഉൾപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് രൂപം നൽകി വരുന്നത്. കെ.ആർ.എഫ്.ബി, കെ.എസ്.ടി.പി, റിക് എന്നിവരുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടത്തുന്ന വൻകിട വികസന പ്രവൃത്തികളിൽ ആവശ്യമുള്ള ഭാഗങ്ങളിൽ ഇത്തരം ഫുട്പാത്തുകളും മറ്റും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്ന പ്രവൃത്തികളിലും പരമാവധി ഫുട്പാത്തുകൾ നിർമ്മിക്കുന്നുണ്ട്.<br><br>ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിൽ തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നൽകിയിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്തുകയും ആയതിൻപ്രകാരം തിരക്കുള്ള ജംഗ്ഷനുകളിൽ ഫുട്പാത്തുകൾ നിർമ്മിച്ചുവരുന്നുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഫുട്പാത്തുകളിൽ അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ |

ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡുകൾ ടാർ ചെയ്യുന്നതിനോടൊപ്പം തന്നെ വശങ്ങൾ മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികളും നടപ്പാക്കാറുണ്ട്. പല സ്ഥലങ്ങളിലും ടൈലുകൾ പാകി ശക്തിപ്പെടുത്തി കാൽനടയാത്രക്കാർക്ക് സുരക്ഷിതമായ സഞ്ചാരത്തിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതകൾ നാലുവരിയായി വികസിപ്പിക്കുമ്പോൾ ഫുട്പാത്ത് നിർമ്മാണവും കാൽനടയാത്രക്കാരുടെ സുരക്ഷയും ഉറപ്പുവരുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**